# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 27 — 10.06.2013 - ലെ മറുപടിക്ക്

## കേന്ദ്രസർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾക്ക് പി.എസ്.സി യുടെ അംഗീകാരം

**ചോദ്യം**

ശ്രീ. കെ. എൻ. എ ഖാദർ

(എ) ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ഉൾപ്പെടെ കേന്ദ്രസർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും ഇതര സർട്ടിഫിക്കറ്റുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൊഴിൽ യോഗ്യതകളായി അംഗീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും വിദേശങ്ങളിലും കേരളത്തിൽ തന്നെയും വിവിധ കോഴ്സുകൾ പഠിച്ച് യോഗ്യതാസർട്ടിഫിക്കറ്റുകൾ നേടുന്ന ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ പി.എസ്.സി. യുടെ ഈ നിലപാടു കാരണം ഉണ്ടായിട്ടുള്ള വിഷമതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) യും, (ബി) യും, (സി) യും

സെൻട്രൽ/സ്റ്റേറ്റ് ലജിസ്ലേച്ചർ ആക്ട് പ്രകാരം നിലവിൽ വന്ന സർവ്വകലാശാലകളിൽ നിന്നോ അല്ലെങ്കിൽ UGC അംഗീകരിച്ച മറ്റ് Institutions of Higher Learning - ൽ നിന്നോ നേടിയിട്ടുള്ള ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും ഇതര സർട്ടിഫിക്കറ്റുകളും, കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ചിരിക്കണം എന്ന നിബന്ധനക്കു വിധേയമായി, കേരള സർക്കാർ സർവ്വീസിലേക്കുള്ള നിയമനത്തിന് സ്വീകരിക്കുന്നുണ്ട്. English & Foreign Language University ഉൾപ്പെടെയുള്ള കേന്ദ്രസർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഇതര സർട്ടിഫിക്കറ്റുകൾ, കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ